യിരുന്നോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയവുണ്ടാകുമോ ?

(ബി) ഉണ്ടായിരുന്നു എങ്കിൽ അതെല്ലാമെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : (എ) ഇല്ലായിരുന്നു.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : മുനിസിപ്പാലിറ്റികളിൽ നാമിനേഷൻ സംപ്രദായം നിറുത്തി പ്രായപൂർത്തിവോട്ടവകാശവ്യവസ്ഥ ഉണ്ടാക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ഒരു ഉദ്ദേശം ഇപ്പോൾ ഇല്ല. അതിനെപ്പറ്റി ആലോചിക്കാം.

മുനിസിപ്പൽ കൗൺസിലുകൾ.

231. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവിതാംകൂറിലെ ഏതെല്ലാം മുനിസിപ്പൽ കൗൺസിലുകളിൽ പിന്നോക്കസമുദായപ്രതിനിധികളുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : നാഗർകോവിൽ, മാവേലിക്കര, ചെങ്കോട്ട, വൈക്കം ഈ മുനിസിപ്പാലിറ്റികളിൽ പിന്നോക്കസമുദായക്കാർ ഉണ്ടു്.

Appointments in Municipal Councils

232. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) മുനിസിപ്പാലിറ്റികളിലെ നിയമനങ്ങളെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

(ബി) മുനിസിപ്പാലിറ്റികളിൽ നടന്നിട്ടുള്ള നിയമനങ്ങളെപ്പറ്റി പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

HON'BLE MR. G. RAMACHNADRAN : (എ) ഗവണ്മെൻറു് സർവ്വീസിലേയ്ക്കുള്ള നിയമനങ്ങളുടെ രീതി അനുസരിച്ചാണു് മുനിസിപ്പാലിറ്റികളിലും നിയമനം നടത്തുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly